**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035
ഫോൺ: 04712302490 ഫാക്സ്:04712303025/20303080
ഇ-മെയിൽ :dhskerala.hlth@kerala.gov.in
വെബ്സൈറ്റ്: www.dhs.kerala.gov.in

---

# സർക്കുലർ

നം.DHS/23857/2025-MSP4 തീയതി: 17-10-2025

വിഷയം: ആ.വ.ഡ- MFP printer കളിൽ ഉപയോഗിക്കേണ്ട പേപ്പറുകളുടെ ഗുണനിലവാരം സംബന്ധിച്ച്

ഈ കാര്യാലയത്തിൽ ഉപയോഗിച്ചുവരുന്ന മൾട്ടി ഫങ്ഷൻ പ്രിന്ററുകൾക്ക് (MFP Models) തകരാർ സംഭവിക്കുന്നത് തരംതാഴ്ന്ന ഗുണമേന്മയില്ലാത്ത പേപ്പർ (75 GSM ന്) താഴെയുള്ളവ ഉപയോഗിച്ചതിനാലാണെന്ന് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഈ പ്രിന്ററുകൾക്ക് വാറന്റി ലഭ്യമാണെങ്കിലും, ഇത്തരത്തിലുള്ള തെറ്റായ ഉപയോഗം മൂലം കമ്പനി വാറന്റി ആനുകൂല്യങ്ങൾ നിഷേധിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇതുവഴി ഓഫീസിന് സാമ്പത്തിക ബാധ്യത നേരിടേണ്ടി വരുന്നു.

ആയതിനാൽ എല്ലാ MFP പ്രിന്ററുകളിലും A4 സൈസ് 75 GSM അല്ലെങ്കിൽ അതിലധികം GSM ഉള്ള പേപ്പർ മാത്രം ഉപയോഗിക്കണമെന്ന് നിർദ്ദേശിക്കുന്നു. നിലവിൽ writing പേപ്പറായി ഉപയോഗിക്കാൻ റെക്കോർഡ് സെക്ഷനിൽ നിന്നും നൽകുന്ന പേപ്പറാണ് ഇപ്രകാരം ഉപയോഗിക്കുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതെങ്കിലും സെക്ഷനിൽ 75 GSM-ലും താഴ്ന്ന പേപ്പർ ഉപയോഗിക്കുന്നതായി കണ്ടെത്തിയാൽ, അതുവഴി ഉണ്ടാകുന്ന നാശനഷ്ടങ്ങളുടെ ചെലവുകൾക്ക് ബന്ധപ്പെട്ട സെക്ഷൻ ഉത്തരവാദിയാക്കുന്നതാണ്.

റെക്കോർഡ് സെക്ഷൻ ആവശ്യമായ 75 GSM അല്ലെങ്കിൽ അതിലധികം GSM ഉള്ള A4 പേപ്പർ സെക്ഷനുകൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. എല്ലാ സെക്ഷൻ മേധാവികളും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് അറിയിച്ചുകൊള്ളുന്നു.

Signed by
A P Dinesh Kumar
Date: 17-10-2025 11:32:03

**Dr. A.P. Dinesh Kumar**
**Additional Director (M&HA)**

സ്വീകർത്താവ്,

എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും